വില്പന നികുതി പിരിവ്

47 (1102) ശ്രീ. ആര്യാടൻ മുഹമ്മദ് :
ശ്രീ. പി. പി. തങ്കച്ചൻ :
ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1991 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ വില്പന നികുതി പിരിവ് എത്രയായിരുന്നു ;

(ബി) 1996 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ വില്പന നികുതി പിരിവ് എത്രയായിരുന്നു ;

(സി) 1991 മാർച്ച് 31-ന് അവസാനിച്ച വർഷത്തെക്കാൾ 1996 മാർച്ച് 31-ന് അവസാനിച്ച വർഷത്തിൽ വില്പന നികുതി എത്രശതമാനം വർദ്ധിച്ചിരുന്നു ;

(ഡി) 1997 മാർച്ച് 31, 1998 മാർച്ച് 31, 1999 മാർച്ച് 31 എന്നീ തീയതികളിൽ അവസാനിച്ച വർഷം വില്പന നികുതി പിരിവ് എത്ര വീതമായിരുന്നു ;

(ഇ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷംതൊട്ട് മുൻപു വർഷത്തെക്കാൾ പിന്നീട് വന്ന ഓരോ വർഷവും വില്പന നികുതി പിരിവിൽ എത്ര ശതമാനത്തിന്റെ വർദ്ധനവാണുള്ളത് ;

(എഫ്) 1991 മാർച്ചിൽ വില്പന നികുതി കുടിശ്ശിക എത്രയായിരുന്നു ;

(ജി) 1996 മാർച്ച് 31, 1999 മാർച്ച് 31 എന്നീ തീയതികളിൽ വില്പന നികുതി കുടിശ്ശിക എത്രയായിരുന്നു ?

ഉത്തരം

(എ) 897.43 കോടി രൂപ

(ബി) 2285.96 കോടി രൂപ (അക്കൗണ്ടന്റ് ജനറലിന്റെ റിക്കൺസൈൻഡ് കണക്കുപ്രകാരം)

(സി) 155%

(ഡി) അക്കൗണ്ടന്റ് ജനറലിന്റെ റിക്കൺസൈൻഡ് കണക്കുകൾ അനുസരിച്ച് 1997 മാർച്ച് 31-ന് 2772.28 കോടി, 1998 മാർച്ച് 31-ന് 3084.08 കോടി, 1999 മാർച്ച് 31-ന് 3366.62 കോടി രൂപ.

(ഇ) 1996-1997 ൽ 21%വും, 1997-98-ൽ 12%വും, 1998-99ൽ 9%വും വർദ്ധനവുണ്ടായി.

(എഫ്) 261.21 കോടി രൂപ

(ജി) 1996 മാർച്ച് 31-ന് 431.19 കോടി രൂപയും 1999 മാർച്ച് 31-ന് 1106.83 കോടി രൂപയുമായിരുന്നു വില്പന നികുതി കുടിശ്ശിക.

LIBRARY ARCHIVES Kerala Legislative Assembly